**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3808** **06-08-2021 - ൽ മറുപടിയ്ക്ക്**

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീമതി ഒ എസ് അംബിക** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ; | (എ) | ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി 13/07/2021-ന് ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ യോഗം ചേർന്നിരുന്നു. |
| (ബി) | നിലവിൽ ബോർഡ് ഏറ്റെടുത്തു നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ക്ഷേത്രങ്ങളിൽ ആചാരപരമായ സൗകര്യങ്ങൾ ഒരുക്കുക, ക്ഷേത്രങ്ങളിലെ അറ്റകുറ്റപ്പണികൾ നടത്തുക തുടങ്ങി വിശ്വാസികൾക്ക് (ശബരിമല തീർത്ഥാടകർക്ക് ഉൾപ്പെടെ) ക്ഷേത്രങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നുള്ളത് ബോർഡിന്റെ പ്രധാന കർത്തവ്യമാണ്. ക്ഷേത്രങ്ങൾക്ക് പുറമെ വിദ്യാഭ്യാസ രംഗത്തും ഒരു കോർപ്പറേറ്റ് മാനേജ്മെന്റ് എന്ന നിലയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രവർത്തിച്ചു വരുന്നുണ്ട്. 4 എയ്ഡഡ് കോളേജുകൾ, 2 അൺ എയ്ഡഡ് കോളേജുകൾ, 26 സ്കൂളുകൾ എന്നിവ ബോർഡിന്റെ മാനേജ്മെന്റിൽ പ്രവർത്തിക്കുന്നു. ഇവിടങ്ങളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് കൊക്കൊണ്ടുവരുന്നുണ്ട്. ഉദാഹരണമായി ഓൺലൈൻ പഠന സൗകര്യമില്ലാത്ത നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ബോർഡിന്റെ ആഭിമുഖ്യത്തിൽ മൊബൈൽ ഫോണുകൾ വിതരണം ചെയ്യുകയുണ്ടായി. |
| (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങൾ ബോർഡ് വിലയിരുത്താറുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ക്ഷേത്ര ജീവനക്കാരുടെ ശമ്പളവും മറ്റ് | (ഡി) | ഉണ്ട്. വാർഷിക വിഹിതം ഇനത്തിൽ 2019-2020, |

| | | | |
|---|---|---|---|
| | ആനുകൂല്യങ്ങളും മുടങ്ങാതെ നൽകുന്നതിന് സാധിച്ചിട്ടുണ്ടോ; ഇതിനായി സർക്കാർ സഹായം ആവശ്യമായി വന്നിട്ടുണ്ടോ; വിശദമാക്കുമോ; | | 2020-2021 സാമ്പത്തിക വർഷങ്ങളിൽ 40 ലക്ഷം രൂപ വീതവും (ആകെ 80 ലക്ഷം). കോവിഡ് മൂലവും മറ്റ് വിവിധ കരണങ്ങളാലും തിരുവിതാംകൂർ ദേവസ്വം ബോർഡിനുണ്ടായ വരുമാന നഷ്ടം പരിഹരിക്കുന്നതിനായി 2019-2020, 2020-21 സാമ്പത്തിക വർഷങ്ങളിലായി ആകെ 120 കോടി രൂപ പ്രത്യേക ധനസഹായമായും സർക്കാരിൽ നിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. |
| (ഇ) | ക്ഷേത്രങ്ങളുടെ പരിരക്ഷയും ക്ഷേത്രജീവനക്കാരുടെ സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്താൻ ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഇ) | ഉണ്ട്. |

സെക്ഷൻ ഓഫീസർ